(ബി) ഐ.ജി.,ടി.ജെ. ജോസിനെതിരെ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) എം.ജി. സർവ്വകലാശാല സിൻഡിക്കേറ്റ് ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചിട്ടില്ല. എന്നാൽ എം.ജി. സർവ്വകലാശാലയുടെ എൽ.എൽ.എം. പരീക്ഷയിൽ കോപ്പിയടി നടത്തിയെന്ന് ആരോപണവിധേയനായ ഐ.ജി. ടി. ജെ. ജോസിനെതിരെ നോർത്ത് സോൺ എ.ഡി.ജി.പി. പ്രാഥമിക അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ തൃശ്ശൂർ റേഞ്ച് ഐ.ജി.-യുടെ ചുമതലയിൽനിന്നും മാറ്റുകയും ഈ വിഷയത്തിൽ വിശദമായ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

എ. ആർ. വില്ലിംഗ് അനുവദിക്കൽ

161 (2980) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ ഒരേ ബാച്ചിൽപ്പെട്ട ജീവനക്കാരിൽ പകുതിപേർക്ക് എ. ആർ. വില്ലിംഗ് അനുവദിക്കുകയും ബാക്കിയുള്ളവർക്ക് നിഷേധിക്കുകയും ചെയ്യുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) 2007-ൽ സർവ്വീസിൽ പ്രവേശിപ്പിക്കുകയും 2008-ൽ ട്രെയിനിംഗ് പൂർത്തിയാക്കുകയും ചെയ്ത എത്ര ജീവനക്കാർക്ക് എ. ആർ. വില്ലിംഗ് അനുവദിച്ചിട്ടുണ്ട് ; ലിസ്റ്റ് നൽകാമോ ;

(സി) എ. ആർ. ബറ്റാലിയൻ അബോളിഷ് ചെയ്തതാണ് ഇതിനുകാരണമെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അബോളിഷ് ചെയ്തുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) അബോളിഷ് ചെയ്തിട്ടില്ലായെങ്കിൽ 2007 ബാച്ചിലെ മുഴുവൻ സേനാംഗങ്ങൾക്കും എ.ആർ. വില്ലിംഗ് അനുവദിക്കുമോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള സാങ്കേതികവും നിയമപരവുമായി പ്രതിബന്ധങ്ങൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ ഒരേ ബാച്ചിൽപ്പെട്ട സേനാംഗങ്ങൾക്ക് വ്യത്യസ്ത നീതി നടപ്പാക്കുന്നുവെന്ന പോരായ്മ പരിഹരിക്കാൻ എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്. ജി.ഒ.(പി)നമ്പർ 268/2010/ആഭ്യന്തരം തീയതി 10-12-2010 പ്രകാരം കേരള പോലീസിലെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തെയും സായുധസേന വിഭാഗത്തെയും ഏകീകരിച്ച് കേരള സിവിൽ പോലീസ് കേഡർ രൂപീകരിക്കുകയാണുണ്ടായത്. പ്രസ്തുത ഉത്തരവ് പ്രകാരം ഒരേ ബാച്ചിൽപ്പെട്ടവർ 31-3-2010-നുമുമ്പ് എ.ആർ.-ലേക്ക് സ്ഥലംമാറി വന്നവർക്കുമാത്രമേ എ.ആർ.-ൽ തുടരാൻ വില്ലിംഗ് കൊടുക്കുവാനുള്ള വ്യവസ്ഥ നിലവിലുള്ളൂ. എന്നാൽ അതിനുശേഷം ബറ്റാലിയനുകളിൽനിന്നും സ്ഥലംമാറി വരുന്നവർ കേരള സിവിൽ പോലീസ് കേഡറിന്റെ ഭാഗമായതിനാൽ ഇവർക്ക് എ.ആർ. വില്ലിംഗ് അനുവദിക്കാൻ നിർവ്വാഹമില്ല.

(ബി) 78 പേരെ എ.ആർ. -ൽ തുടരുവാൻ അനുവദിച്ചിട്ടുണ്ട്.

ആലപ്പുഴ	-	6
ഇടുക്കി	-	46
തൃശ്ശൂർ	-	18
മലപ്പുറം	-	8

(സി) എ.ആർ. അബോളിഷ് ചെയ്തിട്ടില്ല. ആയതിനാൽ ബാധകമല്ല.

(ഡി-എഫ്) ജി.ഒ.(പി)നമ്പർ 268/2010/ആഭ്യന്തരം തീയതി 10-12-2010 പ്രകാരം കേരള പോലീസിലെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തെയും സായുധസേന വിഭാഗത്തെയും ഏകീകരിച്ച് കേരള സിവിൽ പോലീസ് കേഡർ രൂപീകരിക്കുകയാണുണ്ടായത്. പ്രസ്തുത ഉത്തരവ് പ്രകാരം ഒരേ ബാച്ചിൽപ്പെട്ടവർ 31-3-2010-നുമുമ്പ് എ.ആർ.-ലേക്ക് സ്ഥലംമാറി വന്നവർക്കുമാത്രമേ എ.ആർ.-ൽ തുടരാൻ വില്ലിംഗ് കൊടുക്കുവാനുള്ള വ്യവസ്ഥ നിലവിലുള്ളൂ. എന്നാൽ അതിനുശേഷം ബറ്റാലിയനുകളിൽനിന്നും സ്ഥലംമാറി വരുന്നവർ കേരള സിവിൽ പോലീസ് കേഡറിന്റെ ഭാഗമായതിനാൽ ഇവർക്ക് എ.ആർ. വില്ലിംഗ് അനുവദിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly